**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് - കൊരട്ടി ഗ്രാമ പഞ്ചായത്ത് - മംഗലശ്ശേരി മുണ്ടക്കയത്ത് പറമ്പ് റോഡ് എന്ന പ്രവൃത്തിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.( സാധാ)നം.3279/2012/തസ്വഭവ തിരുവനന്തപുരം, തീയതി, 30/11/2012

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം:- (1) സ.ഉ. (സാധാ) 1906/10/തസ്വഭവ തീയതി 09/06/2010

(2) ഗ്രാമവികസന കമ്മീഷണറുടെ 21/10/2012 ലെ 6138/ഡിപി4/12/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ചാലക്കുടി ബ്ലോക്കിൽ പഞ്ചായത്തിന് റോഡ് പുനരുദ്ധാരണത്തിന് സൂചന ഒന്ന് പ്രകാരം അനുവദിച്ച 1,00,00,000/- രൂപയിൽ അംഗീകാരം ലഭിച്ചിരുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷമുള്ള തുകയായ 1,90,935/- രൂപ ഉപയോഗിച്ച് കൊരട്ടി ഗ്രാമ പഞ്ചായത്തിലെ മംഗലശ്ശേരി മുണ്ടക്കയത്ത് പറമ്പ് റോഡ് എന്ന പ്രവൃത്തി നടപ്പിലാക്കുവാൻ അംഗീകാരം നൽകണമെന്ന് പരാമർശ പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന് റോഡ് പുനരുദ്ധാരണത്തിന് സൂചന ഒന്ന് പ്രകാരം അനുവദിച്ച 1,00,00,000/- രൂപയിൽ അംഗീകാരം നൽകിയ പ്രവൃത്തികൾ പൂർത്തിയാക്കിയശേഷമുള്ള 1,90,935/- (ഒരു ലക്ഷത്തി തൊണ്ണൂറായിരത്തി തൊള്ളായിരത്തി മുപ്പത്തിയഞ്ച്) രൂപയ്ക്ക് കൊരട്ടി പഞ്ചായത്തിലെ മംഗലശ്ശേരി മുണ്ടക്കയത്ത് പറമ്പ് റോഡ് നിർമ്മാണ പ്രവൃത്തിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജി. ശിവപ്രസാദ്,**

അഡീഷണൽ സെക്രട്ടറി,

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്
3. സെക്രട്ടറി, കൊരട്ടി ഗ്രാമ പഞ്ചായത്ത്
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ ( എ&ഇ) കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ